പഠിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്നേഹപൂർവ്വം പദ്ധതി താഴെപ്പറയുന്ന പ്രകാരം ധനസഹായം അനുവദിക്കുന്നു.

സ്നേഹപൂർവ്വം പദ്ധതി ധനസഹായ തുക ചുവടെ ചേർക്കുന്നു :

5 വയസ്സിനു താഴെയും 1 മുതൽ 5-ാം ക്ലാസ്സുവരെ	പ്രതിമാസം 300 രൂപ വീതം
6 മുതൽ 10-ാം ക്ലാസ്സുവരെ	പ്രതിമാസം 500 "
11,12 ക്ലാസ്സുകളിൽ	പ്രതിമാസം 750 "
ബിരുദം പ്രോഫഷണൽ ഡിഗ്രി കോഴ്സ്	പ്രതിമാസം 1000 "

ഒരു അദ്ധ്യയന വർഷത്തിൽ പരമാവധി 10 മാസത്തെ തുക അനുവദിക്കുന്നു. എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ച 10,12 ക്ലാസ്സുകളിൽ പഠിച്ച സ്നേഹപൂർവ്വം പദ്ധതി ഗുണഭോക്താക്കൾക്ക് തുടർ വിദ്യാഭ്യാസ പ്രോൽസാഹന ധനസഹായമായി താഴെപ്പറയുന്ന തുകയും അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 10-ാം ക്ലാസ്സിൽ A+ നേടിയവർക്ക് 1000 രൂപ 12-ാം ക്ലാസ്സിൽ A+ നേടിയവർക്ക് 3000 രൂപ.

ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ്

249 (4292) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative.Assembly

(ബി) നാഷണൽ കമ്മീഷൻ ഫോർ വിമൻ, ലോകത്തെ മൂന്നാമത്തെ സംഘടിത കുറ്റകൃത്യമായ മനുഷ്യക്കടത്ത് ഏറ്റവുമധികം നടക്കുന്നതായി കണ്ടെത്തിയത് കേരളത്തിലെ ഇടുക്കി, വയനാട്,പാലക്കാട് ജില്ലകളിലെ യഥാക്രമം ദേവികുളം, മാനന്തവാടി, ചിറ്റൂർ ബ്ലോക്കുകളിലാണ്. ഈ സാഹചര്യത്തിൽ കുടുംബശ്രീ എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പദ്ധതിയുടെ ഭാഗമായി എൻ.ആർ.എൽ.പി. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പ്രോജക്ട് സമർപ്പിച്ചു 2013 നവംബർ 25-ന് എൻ.ആർ.എൽ.എം. എംപവേർഡ് കമ്മിറ്റി മീറ്റിംഗിൽ കുടുംബശ്രീ മിഷൻ സമർപ്പിച്ച ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പൈലറ്റ് പ്രോജക്ട് അംഗീകരിക്കുകയും 2.16 കോടി രൂപ (പൂർണ്ണമായും കേന്ദ്ര സഹായം) അനുവദിക്കുകയും ചെയ്തു. പദ്ധതി വിഹിതത്തിന്റെ ആദ്യ ഗഡുവായ 1.08 കോടിരൂപ കുടുംബശ്രീക്ക് നിലവിൽ കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. തെരഞ്ഞെടുത്ത ബ്ലോക്കുകളിലെ മനുഷ്യക്കടത്ത് തടയുക.

2. സംസ്ഥാനത്ത് മനുഷ്യക്കടത്തിന് ഇരയാകുന്നവർ, സംഘടനകൾ സാമൂഹ്യ നീതിവകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, രക്ഷാപ്രവർത്തകർ എന്നിവരുടെ സഹായത്താൽ മനുഷ്യക്കടത്തിനെ അതിജീവിക്കുന്നവർ/മനുഷ്യക്കടത്തിൽനിന്നും രക്ഷപ്പെടുന്നവർ എന്നിവരുടെ പുനരധിവാസം, ഇവരെ കുടുംബശ്രീ ശൃംഖലയിൽ എത്തിക്കുക, കൂടാതെ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ തിരികെ എത്തിക്കുക.

3. സാങ്കേതിക വൈദഗ്ധ്യം നൽകുകയും. സാമ്പത്തിക പുനരധിവാസം നടത്തുകയും ചെയ്യുക.

4. ടി ബ്ലോക്കുകളെ സ്ത്രീ-ശിശു സൗഹൃദമാക്കുക.

(സി) ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പൈലറ്റ് പ്രോജക്ട് സംസ്ഥാനത്തെ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ യഥാക്രമം ദേവികുളം, മാനന്തവാടി, ചിറ്റൂർ ബ്ലോക്കുകളിൽ നടപ്പിലാക്കിവരികയാണ്. ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു :

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സർക്കാരേതര ഏജൻസികൾ എന്നിവയുടെ ഏകോപന യോഗങ്ങൾ പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ സംഘടിപ്പിച്ചു.
- കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലൂടെയും ജനപ്രതിനിധികളിലൂടെയും ഉദ്യോഗസ്ഥരിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും അവബോധ-പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
- കൗമാരപ്രായക്കാരായ കുട്ടികൾക്കുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

- കമ്മ്യൂണിറ്റി കൗൺസിലർമാരെ പരിശീലനം നൽകി ടി ബ്ലോക്കുകളിൽ നിയോഗിച്ചിട്ടുണ്ട്.
- സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ ടി ബ്ലോക്കുകളിൽ ആരംഭിച്ചിട്ടുണ്ട്.
- ബ്ലോക്കുതല മൈഗ്രേഷൻ സെന്റർ, അക്രഡിറ്റഡ് സേഫ് ഹോംസ് എന്നിവ ആരംഭിച്ചിട്ടുണ്ട്.

വൃദ്ധ സദനങ്ങൾ

250 (4293) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും ആർക്കാണെന്ന് അറിയിക്കുമോ ;

(ബി) ഇതിനായി പ്രത്യേക ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) എങ്കിൽ ആരെല്ലാമാണ് അംഗങ്ങൾ ;

(ഡി) ചെയർമാന്റെയും ബോർഡംഗങ്ങളുടെയും സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും ഓർഫനേജ് കൺട്രോൾ ബോർഡിനാണ്.

(ബി) ഇല്ല.

(സി &ഡി) ബാധകമല്ല.

ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം

251 (4294) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതിവകുപ്പ് നേരിട്ട് നടത്തുന്ന ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ചെലവിനത്തിനുള്ള തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ വർദ്ധനവ് സംബന്ധിച്ച വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly